പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 290

# 2025-ലെ കേരള ജിംനേഷ്യം, ഫിറ്റ്നസ് സ്ഥാപനങ്ങൾ, ഫുഡ് സപ്ലിമെന്റ് സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 290

# 2025-ലെ കേരള ജിംനേഷ്യം, ഫിറ്റ്നസ് സ്ഥാപനങ്ങൾ, ഫുഡ് സപ്ലിമെന്റ് സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

1272/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 290

# 2025-ലെ കേരള ജിംനേഷ്യം, ഫിറ്റ്നസ് സ്ഥാപനങ്ങൾ, ഫുഡ് സപ്ലിമെന്റ് സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ ജിംനേഷ്യം, ഫിറ്റ്നസ് സ്ഥാപനങ്ങളുടെയും, ഫുഡ് സപ്ലിമെന്റ് സ്ഥാപനങ്ങളുടെയും രജിസ്ട്രേഷനും നിയന്ത്രണവും ഏർപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ ജിംനേഷ്യം, ഫിറ്റ്നസ് സ്ഥാപനങ്ങളുടെയും, ഫുഡ് സപ്ലിമെന്റ് സ്ഥാപനങ്ങളുടെയും രജിസ്ട്രേഷനും നിയന്ത്രണവും ഏർപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള ജിംനേഷ്യം, ഫിറ്റ്നസ് സ്ഥാപനങ്ങൾ, ഫുഡ് സപ്ലിമെന്റ് സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ജിംനേഷ്യം" എന്നാൽ ഒരു വ്യക്തിയുടെ കായികക്ഷമത, ഊർജ്ജസ്വലത സൗന്ദര്യം എന്നിവ വർദ്ധിപ്പിക്കുന്നതോ നിലനിർത്തുന്നതോ ലക്ഷ്യമാക്കിക്കൊണ്ടുള്ളതും പേശികളുടെ വളർച്ചയ്ക്കും പോഷണത്തിനും പ്രാധാന്യം നൽകുന്നതും പരിശീലകരുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നതും വ്യായാമമുൾപ്പെടെ അഭ്യസിപ്പിക്കുന്നതുമായ സ്ഥാപനം എന്നർത്ഥമാകുന്നു;

(ബി) "ഫിറ്റ്നസ് സ്ഥാപനങ്ങൾ" എന്നാൽ ഒരു വ്യക്തിയുടെ ശാരീരിക-മാനസിക ക്ഷമത വർദ്ധിപ്പിക്കുകയോ നിലനിർത്തുകയോ ചെയ്യുന്നതിനാവശ്യമായ യോഗ, നീന്തൽ, സൂംബ തുടങ്ങിയ വ്യായാമമുറകൾ അഭ്യസിപ്പിക്കുന്നതും അവയ്ക്ക് ശാസ്ത്രീയമായി പരിശീലനം നൽകുന്നതുമായ സ്ഥാപനം എന്നർത്ഥമാകുന്നു;

(സി) "ഫുഡ് സപ്ലിമെന്റ് സ്ഥാപനങ്ങൾ" എന്നാൽ ഒരു വ്യക്തിയുടെ ഭക്ഷണത്തിന് പൂരകമാകുമെന്ന് കരുതുന്നതും ഭക്ഷണ സ്രോതസ്സുകളിൽ നിന്ന് വേർതിരിച്ചെടുത്തതോ കൃത്രിമമായി നിർമ്മിച്ചതോ ആയ പദാർത്ഥങ്ങൾ അടങ്ങിയതുമായ ഭക്ഷ്യവസ്തുക്കൾ വിൽക്കപ്പെടുന്നതും ജിംനേഷ്യങ്ങൾ, ഫിറ്റ്നസ് സെന്ററുകൾ എന്നിവയോട് ചേർന്നോ അല്ലാതെയോ നടത്തപ്പെടുന്നതുമായ സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു;

(ഡി) ''പരിശീലകൻ'' എന്നാൽ ജിംനേഷ്യങ്ങൾ, ഫിറ്റ്നസ് സെന്ററുകൾ എന്നിവിടങ്ങളിലെ പരിശീലകൻ എന്നർത്ഥമാകുന്നു;

(ഇ) "അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ" എന്നാൽ ഈ ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം അധികാരം നൽകപ്പെട്ട ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എഫ്) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(ജി) "വിജ്ഞാപനം" എന്നാൽ സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എച്ച്) "സ്ഥാപനം" എന്നാൽ ജിംനേഷ്യം, ഫിറ്റ്നസ് സ്ഥാപനം അല്ലെങ്കിൽ ഫുഡ് സപ്ലിമെന്റ് സ്ഥാപനം എന്നർത്ഥമാകുന്നു;

(ഐ)"സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ജെ)"സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ.—(1) ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി യഥാവിധി രജിസ്റ്റർ ചെയ്യപ്പെടാത്ത യാതൊരു ജിംനേഷ്യവും, ഫിറ്റ്നസ് സ്ഥാപനവും, ഫുഡ് സപ്ലിമെന്റ് സ്ഥാപനവും സംസ്ഥാനത്ത് പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യാതൊരു ജിംനേഷ്യവും, ഫിറ്റ്നസ് സ്ഥാപനവും, ഫുഡ് സപ്ലിമെന്റ് സ്ഥാപനവും നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള കാലയളവിനുള്ളിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് അപേക്ഷ നൽകിക്കൊണ്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. രജിസ്ട്രേഷനുള്ള അപേക്ഷ.—(1) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ പ്രവർത്തിക്കുന്ന എല്ലാ ജിംനേഷ്യവും, ഫിറ്റ്നസ് സ്ഥാപനവും, ഫുഡ് സപ്ലിമെന്റ്

സ്ഥാപനവും നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫീസ്, രേഖകൾ എന്നിവ സഹിതം അങ്ങനെയുള്ള ഫാറത്തിൽ ഓൺലൈനായോ അല്ലാതെയോ രജിസ്ട്രേഷനുവേണ്ടി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ പേർക്ക് അപേക്ഷിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷ ലഭിച്ചതായുള്ള കൈപ്പറ്റ് രസീത് നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫാറത്തിൽ ഓൺലൈനായോ അല്ലാതെയോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം, നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതായ ഫാറത്തിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ട അപേക്ഷാ ഫാറത്തിൽ അപൂർണ്ണമായ വിവരം സമർപ്പിക്കുകയോ പ്രസക്തമായ രേഖകൾ നൽകാതിരിക്കുകയോ ചെയ്തതായി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് അഭിപ്രായമുള്ള പക്ഷം രജിസ്ട്രേഷൻ അനുവദിക്കാതിരിക്കുന്നതിന്റെ കാരണം രേഖപ്പെടുത്തി രജിസ്ട്രേഷനുള്ള അപേക്ഷ ലഭിച്ച് പതിനഞ്ച് ദിവസത്തിനകം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്:

എന്നാൽ, അപ്രകാരം അപേക്ഷ നിരസിച്ചു എന്നത് ന്യൂനതകൾ പരിഹരിച്ചതിന് ശേഷം രജിസ്ട്രേഷനുവേണ്ടി പുതുതായി അപേക്ഷിക്കുന്നതിന് ഒരു തടസ്സം ആകുന്നതല്ല.

(5) (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട രജിസ്ട്രേഷന് രണ്ട് വർഷക്കാലത്തേയ്ക്ക് സാധുത ഉണ്ടായിരിക്കുന്നതാണ്.

(6) (2)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

5. <u>രജിസ്ട്രേഷൻ പുതുക്കൽ.</u>—(1) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള രജിസ്ട്രേഷന്റെ കാലാവധി അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുൻപ് നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫീസ് ഒടുക്കിക്കൊണ്ട് രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.

(2) കാലാവധി അവസാനിച്ചശേഷം പുതുക്കൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള സംഗതിയിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വർദ്ധിത ഫീസ് ഒടുക്കിക്കൊണ്ട് രജിസ്ട്രേഷൻ പുതുക്കി നൽകാവുന്നതാണ്.

6. <u>രജിസ്ട്രേഷൻ റദ്ദാക്കൽ.</u>—(1) ഏതെങ്കിലും സ്ഥാപനം രജിസ്ട്രേഷൻ ലഭിച്ചതിന് ശേഷം ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നില്ല എന്നോ സ്ഥാപനത്തിൽ നിന്നും സേവനം തേടുന്ന വ്യക്തികളുടെ ആരോഗ്യത്തിന് ഹാനികരമാകുന്ന സംഗതി പരിശീലകന്റെ അശ്രദ്ധകൊണ്ടോ വേണ്ടത്ര അറിവില്ലാത്തതുകൊണ്ടോ അല്ലെങ്കിൽ ബോധപൂർവ്വമായോ ഉണ്ടായതായോ അധികാരസ്ഥാനത്തിന് ബോദ്ധ്യമാകുന്ന പക്ഷം സ്ഥാപനം രജിസ്റ്റർ ചെയ്ത ആളിന്റെ പേർക്ക് നോട്ടീസ് നൽകേണ്ടതും നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന കാരണങ്ങളാൽ ആ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കപ്പെടാതിരിക്കുവാൻ കാരണം ഉണ്ടെങ്കിൽ കാണിക്കണമെന്നുള്ള നോട്ടീസ് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ നൽകേണ്ടതാണ്.

(2) സ്ഥാപനത്തിന് പറയുവാനുള്ളത് പറയുന്നതിന് ന്യായമായ അവസരം നൽകിയശേഷം, ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥയുടെ ലംഘനം ഉണ്ടായിട്ടുണ്ടെന്ന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യമാകുന്ന സംഗതിയിൽ ആ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണ്.

7. അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ.—ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി സർക്കാർ, വിജ്ഞാപനം മുഖേന, ഓരോ ജില്ലയിലും ജില്ലാ മെഡിക്കൽ ഓഫീസറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

8. ഉദ്യോഗസ്ഥന്റെ ചുമതലകൾ.—7-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(i) ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കുക;

(ii) ജിംനേഷ്യം, ഫിറ്റ്നസ് സെന്ററുകൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് അവശ്യം വേണ്ട സൗകര്യങ്ങൾ സംബന്ധിച്ച ശിപാർശ സർക്കാരിന് സമർപ്പിക്കുക;

(iii) ഫുഡ് സപ്ലിമെന്റുകളെക്കുറിച്ചും അവയുടെ ഗുണദോഷ വശങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്കും വിശേഷിച്ച് ജിംനേഷ്യം, ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ ഗുണഭോക്താക്കൾക്കും അറിവ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക;

(iv) സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച അപേക്ഷ സ്വീകരിക്കുകയും നടപടികൾ പൂർത്തിയാക്കി രജിസ്ട്രേഷൻ നൽകുകയോ അപേക്ഷ നിരസിക്കുകയോ ചെയ്യുക;

(v) പരാതിയുടെ അടിസ്ഥാനത്തിലോ അല്ലാതെയോ സ്ഥാപനങ്ങളിൽ നേരിട്ടോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുഖേനയോ പരിശോധന നടത്തുക;

(vi) സ്ഥാപനത്തിനെതിരെയുള്ള പരാതിയിന്മേൽ അന്വേഷണം നേരിട്ടോ ചുമതലപ്പെടുത്തിയ ആൾ മുഖേനയോ നടത്തുക;

(vii) ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം തേടുക;

(viii) പരിശീലകർക്കുള്ള യോഗ്യത, പരിചയം എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് സർക്കാരിന് ശിപാർശ നൽകുക;

(ix) സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് എന്നിവ സംബന്ധിച്ച് സർക്കാരിന് ശിപാർശ നൽകുക;

(x) സ്ഥാപനങ്ങൾ ഗുണഭോക്താക്കളിൽനിന്നും ഈടാക്കുന്ന ഫീസ് ഏകീകരിക്കുന്നത് സംബന്ധിച്ച് ശിപാർശ സർക്കാരിന് സമർപ്പിക്കുക;

(xi) സർക്കാർ അതത് സമയങ്ങളിൽ ഏൽപ്പിച്ചു കൊടുക്കുന്ന അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

9. സ്ഥാപന രജിസ്ട്രേഷൻ ലഭിച്ചയാളുടെ ചുമതലകൾ.— 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ ലഭിച്ചയാൾക്ക് സ്ഥാപന നടത്തിപ്പുമായി ബന്ധപ്പെട്ട് ഇനിപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(i) രജിസ്ട്രേഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ കൃത്യമായും സ്ഥിരമായും സ്ഥാപനത്തിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക;

(ii) സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള യോഗ്യതയും പരിചയവും ഉള്ള പരിശീലകരെ നിയോഗിക്കുക;

(iii) ഫുഡ് സപ്ലിമെന്റുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കുക;

(iv) ഏതൊക്കെ തരത്തിലുള്ള അഭ്യസനങ്ങളാണ് സ്ഥാപനത്തിൽ നൽകുന്നതെന്നും അവയ്ക്ക് ഓരോന്നിനും നൽകേണ്ട ഫീസ് സംബന്ധിച്ചും ഉള്ള ബോർഡ് സ്ഥാപനത്തിൽ പ്രദർശിപ്പിക്കുക;

(v) ഓരോ സ്ഥാപനത്തിലും നിർണ്ണയിക്കപ്പെട്ട മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിക്കുക;

(vi) സ്ഥാപനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണം, പരിശോധന എന്നിവയുമായി പൂർണ്ണമായി സഹകരിക്കുക;

(vii) സർക്കാരോ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ കാലാകാലങ്ങളിൽ നൽകുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ പാലിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

10. സ്ഥാപനങ്ങളുടെ പരിശോധന.—(1) സർക്കാർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഈ ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥൻ മുഖേനയോ ഏതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലോ അല്ലാതെയോ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സ്ഥാപനവും കുറഞ്ഞത് രണ്ട് വർഷത്തിലൊരിക്കൽ പരിശോധിക്കുന്നതിനോ പരിശോധിപ്പിക്കുന്നതിനോ ആവശ്യമായ നടപടി അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

(3) അപ്രകാരമുള്ള ഏതൊരു പരിശോധനയുടെയും റിപ്പോർട്ട് ആവശ്യമായ ശിപാർശകളോടെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ സർക്കാരിന് നൽകേണ്ടതാണ്.

11. രജിസ്ട്രേഷൻ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ലെന്ന്.—(1) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട രജിസ്ട്രേഷൻ കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

(2) സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലം മാറുകയോ സ്ഥാപനത്തിന്റെ പേരോ ഉടമസ്ഥതയോ വ്യത്യാസപ്പെടുത്തുകയോ അല്ലെങ്കിൽ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്ന സംഗതിയിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനെ തിരികെ ഏൽപ്പിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം രജിസ്ട്രേഷൻ തിരികെ ഏൽപ്പിക്കപ്പെട്ട സംഗതിയിൽ അങ്ങനെയുള്ള സ്ഥാപനം തുടർന്ന് പ്രവർത്തിപ്പിക്കുന്നതിനായി പുതുതായി രജിസ്ട്രേഷൻ നേടേണ്ടതാണ്.

12. ശിക്ഷ.—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരു സ്ഥാപന ഉടമയും നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള പിഴശിക്ഷയ്ക്ക് ശിക്ഷിക്കപ്പെടാവുന്നതാണ്.

13. രജിസ്ട്രേഷൻ നിബന്ധനകൾ.—സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതൊരു സ്ഥാപനവും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നിബന്ധനകൾ പാലിക്കുമെന്ന് അങ്ങനെയുള്ള ഫാറത്തിൽ ഉറപ്പ് നൽകേണ്ടതാണ്.

14. സ്ഥാപനങ്ങൾ വിവരങ്ങൾ നൽകണമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും സ്ഥിതിവിവര കണക്കുകൾ ഉൾപ്പെടെ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ഏതൊരു വിവരവും ഏതൊരു സ്ഥാപനത്തിൽനിന്നും തേടുന്നതിനും സർക്കാരിനോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ അധികാരം ഉണ്ടായിരിക്കുന്നതും അപ്രകാരമുള്ള ഏതൊരു വിവരവും ലഭ്യമാക്കുവാൻ ഏതൊരു സ്ഥാപനവും ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

15. സിവിൽ കോടതിയുടെ അധികാരിതയ്ക്ക് വിലക്ക്.—സർക്കാരോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലുണ്ടാക്കപ്പെട്ട ചട്ടങ്ങൾ പ്രകാരമോ തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ ആയ ഏതൊരു കാര്യവും തീർപ്പാക്കുന്നതിനോ തീരുമാനിക്കുന്നതിനോ ഏതെങ്കിലും ഉത്തരവിൽ ഇടപെടുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

16. ജീവൻരക്ഷാ സേവനങ്ങൾ നൽകണമെന്ന്.—സ്ഥാപനത്തിൽ പരിശീലനം നേടുന്നതിനിടയിൽ ഗുണഭോക്താക്കൾക്ക് ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും ആരോഗ്യ കേന്ദ്രങ്ങളിൽ അവരെ എത്തിക്കുന്നതിനും ഓരോ സ്ഥാപനത്തിനും ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

17. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവ് മുഖേന അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേയ്ക്ക് ആവശ്യമെന്നോ യുക്തമെന്നോ തോന്നുന്നതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിന് ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഓരോ ഉത്തരവും കഴിയുന്നത്ര വേഗം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

18. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1)ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി

പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അല്ലെങ്കിൽ റെഗുലേഷനും അത് ഉണ്ടാക്കിയതിന് ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിലോ റെഗുലേഷനിലോ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടമോ റെഗുലേഷനോ ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിനോ റെഗുലേഷനോ അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടമോ റെഗുലേഷനോ പ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജിംനേഷ്യങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ Kerala Places of Public Resort Act, 1963 (Act 40 of 1963)-ൽ ഉൾപ്പെടുന്നു. നിലവലുള്ള ജിംനേഷ്യങ്ങൾ യുവതലമുറയ്ക്ക് താൽപ്പര്യമുള്ള വ്യായാമ പരിശീലനം ലഭിക്കത്തക്ക സംവിധാനങ്ങളോട് കൂടിയവയാണ്. ഇവയെ ഫിറ്റ്നസ് സെന്ററുകൾ, ഹെൽത്ത് ക്ലബ്ബുകൾ എന്നീ പേരുകളിലും വ്യാപകമായി അറിയപ്പെടുന്നു. ഇത്തരം സ്ഥാപനങ്ങൾ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (Act 20 of 1994) പ്രകാരവും ലൈസൻസ് സമ്പാദിക്കുന്നുണ്ട്. ആയതിനാൽ ജിംനേഷ്യങ്ങൾ, ഫിറ്റ്നസ് സെന്ററുകൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ 1963-ലെ പബ്ലിക് റിസോർട്ട് ആക്റ്റ് പ്രകാരമാണോ 1994-ലെ കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരമാണോ ലൈസൻസ് നേടേണ്ടതെന്നതിന്മേൽ വ്യക്തതയില്ല. 2022 ആഗസ്റ്റ് 10-ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീലിലെ ഇനിപ്പറയുന്ന പരാമർശങ്ങൾ ഇത് ശരിവയ്ക്കുന്നു. "The perception of gymnasium underwent a sea change from Act 40 of 1963 to Act 20 of 1994....... The Act 40 of 1963 so far it relates to gymnasium, fell in disuse by the coming into force of Act 20 of 1994. For the last more than two decades, gymnasiums are functioning with the licence granted under section 447 of Kerala Municipality Act, 1994. Hence mandamus can't be issued to enforce an Act which has now become obsolete by falling in disuse by the principle of desuetude. The new generation gymnasiums under the nomenclature of health clubs and fitness centres, where mechanically propelled gadgets are being used and functioning with limited membership can't be equated with gymnasium as conceived under Act 40 of 1963. ........ The Act 40 of 1963 is not a special enactment for gymnasiums. The Act is primarily concerned with public resorts or entertainments. Gymnasiums which will not come under the definitional fiat of

public resorts or entertainments under section 2(b) is included by virtue of specific inclusion."

2. കൂടാതെ, ജിംനേഷ്യം, ഫിറ്റ്നസ് സെന്ററുകൾ എന്നിവയോടൊപ്പമോ അല്ലാതെയോ ഫുഡ് സപ്ലിമെന്റുകൾ നൽകുന്ന സ്ഥാപനങ്ങളും വ്യാപകമായി പ്രവർത്തിക്കുന്നു. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ മുഖേന പ്രോട്ടീൻ പൗഡർ, വൈറ്റമിൻ തുടങ്ങിയവ ജിം സപ്ലിമെന്റ് എന്ന പേരിൽ നൽകുന്നു. ശരിയായ നിർദ്ദേശപ്രകാരമല്ലാതെയും ഗുണനിലവാരമില്ലാത്തതുമായ ഇത്തരം ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലേയ്ക്ക് യുവാക്കളെ കൊണ്ടെത്തിക്കുന്നു. ഇത്തരം സ്ഥാപനങ്ങളെയും കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്.

3. ആയതിനാൽ സംസ്ഥാനത്തെ ജിംനേഷ്യങ്ങൾ, ഫിറ്റ്നസ് സെന്ററുകൾ, ഫുഡ് സപ്ലിമെന്റുകൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ എന്നിവ പൊതുജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ടതാകയാൽ അവ രജിസ്റ്റർ ചെയ്യുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമായി നിയന്ത്രിക്കുന്നതിനും അവയ്ക്ക് മാത്രമായി നിയമം നിർമ്മിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി നിശ്ചയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നതിനുള്ള കാലയളവ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, ഹാജരാക്കേണ്ട രേഖകൾ എന്നിവ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ 4-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം രജിസ്ട്രേഷനുള്ള അപേക്ഷാഫാറത്തിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ 5-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം രജിസ്ട്രേഷൻ പുതുക്കുന്നതിൽ കാലതാമസം വരുന്ന സാഹചര്യങ്ങളിൽ ഒടുക്കേണ്ടതായ ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ 7-ാം ഖണ്ഡം ജില്ലകളിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനെ വിജ്ഞാപനം മുഖേന നിയമിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ 12-ാം ഖണ്ഡം വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് നൽകുന്ന ശിക്ഷ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ 13-ാം ഖണ്ഡം സ്ഥാപനം പാലിക്കേണ്ട നിബന്ധനകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ബില്ലിലെ 17-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(11) ബില്ലിലെ 18-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(12) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമങ്ങൾ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളും ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്, എം.എൽ.എ.

1272/2025.